"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ പുനർവിന്യാസ ക്ലർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ഹരീഷ് പി-യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം ശ്രീ. സൂരജ് ജോസഫ് -നെ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1213/2025/LSGD തീയതി,തിരുവനന്തപുരം, 17-05-2025**

---

പരാമർശം:- 1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 10/12/2024, 24/03/2025 തീയതികളിലെ ADFW/2958/2020-SA4 നമ്പർ കത്തുകൾ.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും 2012 മുതൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ പുനർവിന്യാസത്തിൽ സേവനമനുഷ്ഠിക്കുന്ന സീനിയർ ക്ലാർക്ക് ശ്രീ. ഹരീഷ്.പി മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും ശിപാർശ ചെയ്തുകൊണ്ട് വകുപ്പ് മേധാവി പരാമർശം പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്നു. ശ്രീ. ഹരീഷ്.പി-യ്ക്കെതിരെ കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ വിജിലൻസ് അന്വേഷണങ്ങളോ മറ്റു നടപടിക്രമങ്ങളോ നിലവിലില്ല എന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. ഹരീഷ്.പി-യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനു പകരം ഒരാളെ പുനർവിന്യസിക്കുവാൻ വകുപ്പ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കാക്കൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ക്ലർക്ക് ശ്രീ. സൂരജ് ജോസഫ് സമർപ്പിച്ച ഓപ്ഷൻ പരിഗണനയ്ക്കായി ശിപാർശ ചെയ്തുകൊണ്ട് വകുപ്പ് മേധാവി ലഭ്യമാക്കുകയുണ്ടായി.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ പുനർവിന്യാസ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ഹരീഷ്.പി-യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം കാക്കൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ക്ലർക്ക് ശ്രീ. സൂരജ് ജോസഫ് -നെ ടിയാന്റെ ഓപ്ഷൻ പരിഗണിച്ചുകൊണ്ട് എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിൽ നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി പുനർവിന്യസിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ദീപ റ്റി വി**

**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

ശ്രീ ഹരീഷ് പി, സീനിയർ ക്ലർക്ക്, കോഴിക്കോട് ജില്ലാ പഞ്ചായത്ത് (കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)

ശ്രീ. സൂരജ് ജോസഫ്, ക്ലർക്ക്, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, കാക്കൂർ (കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
ഡയറക്ടർ മുഖേന)

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, കേരള (എ &ഇ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( LSGD-ERA1/20/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 17-05-2025 15:38:02
സെക്ഷൻ ഓഫീസർ